## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*563 — 27/03/2018- ൽ മറുപടിയ്ക്ക്

### ജൈവ പച്ചക്കറി കർഷകർക്ക് ഇൻസന്റീവ് നല്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| എ) മലയാളികൾക്കുണ്ടാകുന്ന പല രോഗങ്ങളുടെയും അടിസ്ഥാന കാരണമായി ചൂണ്ടിക്കാണിക്കുന്നത് വിഷമയമായ പച്ചക്കറികളും ഭക്ഷ്യ ധാന്യങ്ങളും കഴിക്കുന്നതാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അനിയന്ത്രിതമായ വളം - കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) വളങ്ങളുടെയും കീടനാശിനികളുടെയും ശാസ്ത്രീയമായ ഉപയോഗക്രമം, നല്ല കൃഷി പരിപാലനമുറകൾ, സംയോജിത വളപ്രയോഗം, സംയോജിത രോഗ-കീടനിയന്ത്രണ മാർഗ്ഗങ്ങൾ, വിഷാംശം കുറഞ്ഞ പുതുതലമുറ കീടനാശിനികളുടെ ഉപയോഗം, ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്റ്റിസൈഡ് ആക്റ്റ് 1968 എന്നീ കേന്ദ്ര സർക്കാർ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ വഴി രാസവളങ്ങളുടെയും കീടനാശിനികളുടേയും അനിയന്ത്രി തമായ ഉപയോഗം കുറയ്ക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു.<br>മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗത്തിലൂടെ രാസവളങ്ങളുടെ അമിത ഉപയോഗം കുറയ്ക്കുന്നതിനായി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അമിതകീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പ ശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.<br>കീടരോഗ നിരീക്ഷണത്തിനും, കീടരോഗ നിയന്ത്രണ |

ത്തിനുമുള്ള മാർഗ്ഗങ്ങൾ മുൻകൂട്ടി കർഷകർക്ക് ലഭ്യമാക്കുന്നതിന് മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി യിട്ടുണ്ട്.

രാസവളങ്ങളുടെയും കീടനാശിനികളുടെയും ക്രമവിരുദ്ധമായ വിതരണവും വില്പനയും ഉപയോഗവും കുറയ്ക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നിവ പ്രകാരമുള്ള ശക്തമായ നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഇപ്പോൾ സ്വീകരിച്ചുവരുന്നു. ഇതുപ്രകാരം, എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള രാസവള- കീടനാശിനി ഡിപ്പോകളിൽ രണ്ടാഴ്ചയിലൊരിക്കൽ നിർബന്ധിത പരിശോധന നടത്തി വരുന്നു. മാത്രവുമല്ല രാസവള - കീടനാശിനികളുടെ ക്രമവിരുദ്ധമായ വിതരണവും വില്പനയും നിയന്ത്രിക്കുവാനായി എല്ലാ ജില്ലകളിലും വിജിലൻസ് കമ്മിറ്റികൾ രൂപീകരി ക്കുകയും അവരുടെ നേതൃത്വത്തിൽ തുടർ പരിശോധ നകൾ നടത്തി വരികയും ചെയ്യുന്നു. ഇതിനുപുറമേ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ( ഇ & ടി ) യും, ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് ഡയക്ടർമാരുടെയും നേതൃത്വ ത്തിൽ 4 റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് എല്ലാ ജില്ലകളിലും അപ്രതീക്ഷിത സന്ദർശനവും ഡിപ്പോ പരിശോധനയും നടത്തിവരുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ (സി.പി)യുടെ നേതൃത്വത്തിലുള്ള സംസ്ഥാന വിജിലൻസ് സ്ക്വാഡിന്റെ പരിശോധനയും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട്, നിയന്ത്രിത വിഭാഗത്തിൽ പ്പെടുന്ന കീടനാശിനികളുടെ വില്പനയ്ക്ക് കൃഷി ഓഫീസറുടെ ശുപാർശാ കുറിപ്പ് നിർബന്ധമാക്കി യിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ "സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാറിന്റെ ഔദ്യോഗിക വെബ് പോർട്ടൽ **www.kerala.gov.in** ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിൽ പരിശോധനാഫലം പരസ്യപ്പെടുത്തുന്നുണ്ട്.

| | |
|---|---|
| (ബി) നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ ഉപയോഗം ഈ സർക്കാരിന്റെ ഇടപെടൽമൂലം എത്രമാത്രം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുവാൻ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരമുള്ള ശക്തമായ നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൈക്കൊണ്ടുവരുന്നത്. കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വില്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതി കൾക്കും, കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും സഹായകമായിട്ടുണ്ട്.<br><br>എന്നാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി കീടനാശിനികൾ കർഷകർക്ക് നേരിട്ട് എത്തിക്കുന്നത് പൂർണ്ണമായി തടയുവാൻ സാധിച്ചിട്ടില്ല. ഇതിനായി അതിർത്തി ജില്ലകളിൽ പ്രത്യേക ജാഗ്രത പുലർത്തുവാൻ ജില്ലാ വിജിലൻസ് കമ്മിറ്റിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനു പുറമേ, ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ, പോലീസ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ്, ചെക്ക് പോസ്റ്റുകളിലും മറ്റും പരിശോധന നടത്തിവരുന്നു. നിരോധിത കീടനാശിനികളുടെ അനധികൃത വില്പന തടയുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷിഭവൻ തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു.<br><br>വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടുവരികയോ സ്റ്റോക്കു ചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ചട്ടപ്രകാരമുള്ള നടപടികൾക്കൊപ്പം, നിരോധിത കീടനാശിനികൾക്കെതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ - ശ്രവ്യ പത്ര മാധ്യമങ്ങളുടെ തുടർച്ചയായി പ്രചാരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |

| | |
|---|---|
| (സി) ഓർഗാനിക് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; | (സി) ജൈവകൃഷിവ്യാപനവും പ്രോത്സാഹനവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ഉത്തരവ് നം. 39/2010, കൃഷി / തിരുവനന്തപുരം, തീയതി 10.02.2010 പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കി വരുന്നു. <u>വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.</u> |
| (ഡി) സേഫ് ടു ഈറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്ന പച്ചക്കറികൾ എല്ലാ ദിവസവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) കൃഷി വകുപ്പിന്റെ ജൈവ കാർഷിക പ്രവർത്തനങ്ങളിൽ കൂടുതൽ കൃഷിക്കാർ മുന്നോട്ട് വരുന്നതിനാൽ ദൈനംദിന ഉൽപാദനം വർദ്ധിച്ചു വരുന്നുണ്ട്. സേഫ് റ്റു ഈറ്റ് പദ്ധതി പ്രകാരം കേരളാ ഓർഗാനിക് ബ്രാൻഡിൽ പച്ചക്കറി വിൽപന നടത്തുന്നത് വിപുലീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) പൂർണ്ണമായും ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഇൻസന്റീവ് നല്കുന്ന പദ്ധതി ആവിഷ്കരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (ഇ) ജി.എ.പി ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾക്ക് കിലോയ്ക്ക് 5 രൂപ. അധിക വില ഇൻസൻറീവായി നൽകി ഉല്പന്നങ്ങൾ സംഭരിക്കുന്ന രീതി ഇപ്പോൾ നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

(അനുബന്ധം നക്ഷത്ര ചിഹ്നമിട്ട ചോദ്യം *563)

1. **ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ-** 155 ജി. എ. പി ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. ഇതിനായി 116 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഒരോ ക്ലസ്റ്ററും 15 മുതൽ 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3000 രൂപ ധനസഹായം നൽകുന്നുണ്ട്. 147 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

2. **ഇക്കോഷോപ്പുകൾ** - ജി.എ.പി വഴി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പഴം - പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്. ഓരോ ഇക്കോഷോപ്പിനും 2 ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്നുണ്ട്. 125 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 300 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

3. **ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം** കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തു ന്നതിനും **"കേരള ഓർഗാനിക്"** എന്ന ലേബലിലുള്ള ഉല്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജിഎപി സർട്ടിഫിക്കേഷനോടു കൂടിയ തിരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകൾക്ക് ഈ പദ്ധതിയിൽ പങ്കാളികളാകാം. ഇത്തരം ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ തരംതിരിച്ച്, ഗ്രേഡ് ചെയ്ത് "കേരള ഓർഗാനിക്" ലേബലോടു കൂടിയ പായ്ക്കറ്റുകളിലാക്കുന്നു. പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കളാവും പായ്ക്കിംഗിനായി ഉപയോഗിക്കുന്നത്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. ഇതിലേക്കായി കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ **17 ക്ലസ്റ്ററുകൾക്ക്** ( തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം , കോഴിക്കോട് , വയനാട് , കണ്ണൂർ , കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ ക്ലസ്റ്ററുകളും ഇടുക്കി ജില്ലയിൽ മൂന്നും തൃശ്ശൂർ ജില്ലയിൽ രണ്ടു ക്ലസ്റ്ററുകളിലുമാണ് )പച്ചക്കറി കിറ്റുകൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നതിന് **50 ലക്ഷം** രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

4. **മറ്റു പ്രവർത്തന ചെലവുകൾ** - പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വരുന്ന മറ്റ് ചെലവുകൾക്കായാണ് 20 ലക്ഷം രൂപ ചിലവഴിക്കുന്നത്. പദ്ധതി സംബന്ധിച്ച ഡോക്യുമെന്റേഷൻ , ഫീൽഡ് വിസിറ്റ്, ട്രാൻസ്പോർട്ടേഷൻ എന്നിവയാണ് മറ്റു ചെലവുകൾ

5. **ജൈവ കാർഷിക മണ്ഡലം അവാർഡ്** - ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന നിയോജക മണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ , രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ ), മുൻസിപ്പാലിറ്റി ( ഒന്നാം സമ്മാനം 3 ലക്ഷം രൂപ , രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ ), സംസ്ഥാനതലത്തിലും. ജൈവകൃഷിയിലേക്ക് മാറിയിട്ടുള്ള ജില്ലകളിലെ ഗ്രാമപഞ്ചായത്ത് ( ഒന്നാം സമ്മാനം 3 ലക്ഷം രൂപ , രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ ) സ്ഥാനങ്ങളും നൽകുന്നു. നിയോജക മണ്ഡലം / തദ്ദേശ സ്വയംഭരണ യൂണിറ്റുകൾക്കിടയിലെ ആരോഗ്യകരമായ മത്സരവും ജൈവകൃഷി പ്രോത്സഹനവുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം **123 ലക്ഷം** രൂപ ചെലവാകും.

6. **കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ** - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം **60 ലക്ഷം** രൂപയാണ് ചെലവഴിക്കുന്നത്. പദ്ധതി നിർവ്വഹണം

വി.എഫ്.പി.സി.കെ യാണ് നിർവ്വഹിക്കുന്നത്.

**നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള കുട്ടനാട്ടിലെ കൃഷി ( കുട്ടനാട് ജി എ പി)** കേരളത്തിന്റെ പടിഞ്ഞാറേത്തീരത്തുള്ള കുട്ടനാടൻ പ്രദേശത്തെ 900 sq. Km ചുറ്റളവിലുള്ള കൃഷി സ്ഥലത്തിലെ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയുടെ ജൈവ കൃഷിയിലൂന്നിയ സുസ്ഥിര കൃഷി വികസന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ആലപ്പുഴ , കോട്ടയം , പത്തനംതിട്ട എന്നി ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാട് പ്രദേശത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആലപ്പുഴ ജില്ലയിലെ 32 പഞ്ചായത്തുകളും കോട്ടയം ജില്ലയിലെ 27 പഞ്ചായത്തുകളും, പത്തനംതിട്ട ജില്ലയിലെ 5 പഞ്ചായത്തുകളിലും ഉള്ള ജൈവ കൃഷിക്ക് ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്. പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ നൂതന സാങ്കേതിക വിദ്യകളുടെ ഡമോൺസ്ട്രേഷൻ പ്ലോട്ട്, പരിസ്ഥിതി എഞ്ചിനീയറിംഗ് തത്വങ്ങൾ അവലംബിക്കൽ, കള നിയന്ത്രണം, കർഷകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ, വിളക്ക് കെണികൾ സ്ഥാപിക്കൽ, ജൈവ കീടനാശിനികൾ , ജൈവ വളങ്ങൾ, ബയോകൺട്രോൾ ഏജൻസിന്റെ ഉപയോഗം, വിപണി ഇടപെടൽ , വിള ഇൻഷുറൻസ് എന്നിവയൊക്കെയാണ്.

സെക്ഷൻ ഓഫീസർ